കേരളീയം, കൊക്കാലെ, തൃശൂർ–680021
e-mail: mailkeraleeyam@gmail.com, 0487 2421385

# കുട്ടികളുടെ ടോട്ടോ–ചാൻ വായനാനുഭവം

**ബാല്യകാല** കുസൃതികളും ചിന്തകളും തന്റെ കുഞ്ഞുമനസ്സിൽ ഓരോ കാര്യത്തിനോടും തോന്നുന്ന അഭിപ്രായങ്ങളും എല്ലാം തെത്സുകോ കുറയോനഗി തുറന്നെഴുതിയിട്ടുണ്ട് എന്നതാണ് ടോട്ടോ–ചാന്റെ പ്രത്യേകത. തന്നെക്കുറിച്ചുള്ള കുറവുകളും കുറ്റങ്ങളും വരെ അവർ എഴുതി. ഈ പുസ്തകത്തിലെ ടോട്ടോചാന്റെ എല്ലാ സംഭാഷണത്തിലും കുട്ടിത്തം നിറയുന്നുണ്ട്. കൊബയാഷി മാസ്റ്ററുടെ പഠനരീതികൾ എഴുത്തുകാരി വളരെ രസകരമായി വിവരിച്ചു. ഉദാഹരണമായി പാട്ടിനൊത്തൊരു നൃത്തം, നഗ്നരായി കുട്ടികളെ സ്കൂൾ വളപ്പിലുള്ള നീന്തൽക്കുളത്തിൽ ഇറക്കുക, ഉച്ചഭക്ഷണത്തിനു മുമ്പൊരു രസകരമായ പാട്ട്, പിന്നെ കടലിൽ നിന്നും മലകളിൽ നിന്നുമൊരു പങ്ക്. ഇതെല്ലാം തന്നെ റ്റോമോയിലെ മാത്രം വ്യത്യസ്തമായ രീതികളായിരിന്നു. അമ്പത് കുട്ടികൾ മാത്രമേയുള്ളൂ എന്നതിൽ കൊബയാഷി മാസ്റ്റർ തൃപ്തനായിരന്നു.

കുട്ടികളുടെ പഠനം എളുപ്പമാക്കാൻ വേണ്ടി പഠനത്തിന്റെ കൂടെ കൊച്ചുകൊച്ചു കളികൾ, പാട്ടുകൾ ഉൾപ്പെടുത്താൻ അദ്ദേഹം എന്നും ശ്രദ്ധിച്ചിരുന്നു. ആദ്യത്തെ സ്കൂളിന്റെ സ്വസ്ഥത നശിപ്പിച്ചുകൊണ്ട്, അവിടുത്തെ ഡസ്കും ബഞ്ചും കാതടപ്പിക്കുന്ന ശബ്ദത്തോടെ വലുച്ചു തുറന്നും അടച്ചും, തെരുവുപാട്ടുകാരെ ക്ലാസ്സിലേക്കു ക്ഷണിച്ചും, മറ്റു കുട്ടികളെ പഠിക്കാൻ അനുവദിക്കാതെയും നമ്മുടെ കൊച്ചു ടോട്ടോ ആ സ്കൂളിൽ നിന്നും പുറത്തായി. അങ്ങനെയാണ് അവളെ അമ്മ റ്റോമോ എന്ന വിദ്യാലയത്തിലേക്കു കൂട്ടിക്കൊണ്ടു പോയത്.

ടോട്ടോ–ചാനെ മാത്രമല്ല മറ്റ് കഥാപാത്രങ്ങളെയും എനിക്ക് ഇഷ്മാമായി. കഥയിൽ ഉടനീളം പ്രത്യക്ഷപ്പെടുന്ന കൊച്ചു ടോട്ടോയുടെ അച്ഛൻ, മാസ്റ്ററുടെ മകളായ മിയോചാൻ, പിന്നെ ടോട്ടോയുടെ വികൃതികളായ സുഹൃത്തുക്കൾ. മിയോചാൻ, സാക്കോചാൻ, തകാഹാഷി, കാസുഓ അമാദേര, ക്യൂനിൻ ഒയെ, മിഗിത, പിന്നെ പോളിയോ ബാധിച്ച യാസുകി ചാനും. പുസ്തകങ്ങൾ മുമ്പ് വായിച്ചിട്ടുണ്ട്. പക്ഷേ ഇത്രയും വികൃതിയായ ഒരു കൊച്ചു കുട്ടിയുടേയും അവളുടെ മാസ്റ്ററുടെയും കഥ വായിച്ചപ്പോൾ ഒത്തിരി സന്തോഷം തോന്നി.

**അപർണാ ശ്രീകുമാർ, എട്ടാം ക്ലാസ്,**
**കേന്ദ്രീയ വിദ്യാലയ, പേരൂർക്കട, തിരുവനന്തപുരം**

**ഇന്നത്തെ** വിദ്യാഭ്യാസരീതിയിൽ നമ്മൾ ചട്ടക്കൂടുകളുടെയും പാഠപുസ്തകങ്ങളുടേയും ഒരു ലോകത്താണ്. കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് അവയെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ വിദ്യാഭ്യാസ സമ്പ്രദായം പരിഷ്കരിക്കപ്പെടണം. പ്രകൃതിയുടെ ഭാഗമായി മാറാൻ വിദ്യാർത്ഥികൾക്കു കഴിയണം. ഈ വിദ്യാഭ്യാസ സങ്കല്പങ്ങൾ തികച്ചും പ്രായോഗികമാണെന്ന് തെത്സുകോ കുറോയാനഗി അനുഭവത്തിലൂടെ കാണിച്ചുതരുന്നു.

റ്റോമോ വിദ്യാലയത്തിലെ കുട്ടികൾക്ക് പ്രകൃതിയോടിണങ്ങി ജീവിക്കാനുള്ള അവസരം ലഭിച്ചിരുന്നു. അതുകൊണ്ടുതന്നെ പ്രകൃതിയിൽ നിന്നും ജീവിതപാഠങ്ങൾ സ്വന്തമാക്കാൻ അവർക്കു കഴിഞ്ഞു. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് വിഷയങ്ങൾ അവർക്ക് പഠിക്കാം. മാത്രമല്ല, സ്വന്തം കഴിവുകളെ വികസിപ്പിക്കാൻ എല്ലാവിധ സാഹചര്യങ്ങളും ലഭിക്കുന്നു. സ്വതന്ത്രമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ സ്നേഹനിധിയും ഭാവനാശാലിയുമായ ഹെഡ്മാസ്റ്റർ കൊബയാഷിക്ക് കഴിഞ്ഞു. മാസ്റ്ററുടെ സ്നേഹം കുട്ടികൾക്ക് ആവേശഭരിതമായ ഒരു ജീവിതത്തിലേക്കുള്ള ആദ്യ പടിയായിരുന്നു. അദ്ദേഹത്തിന്റെ പള്ളിക്കൂടമോ, അവർക്ക് വീട്ടിൽ നിന്നകലെ ഒരു വീടും.

എന്നാൽ ഇന്ന് വിദ്യാലയങ്ങൾ യാന്ത്രികമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നു. പ്രകൃതിയിൽനിന്ന് അകന്ന്, സാങ്കേതികത്വത്തിന്റെ പിടിയിലാണ് സ്കൂളുകൾ. ഏതു വിവരവും അവരുടെ വിരൽത്തുമ്പിൽ കിട്ടുമെന്ന് വന്നതോടെ അധ്യാപകരിൽ നിന്നുള്ള അകലം വർദ്ധിച്ചിരിക്കുന്നു. അധ്യാപകവിദ്യാർത്ഥി സൗഹൃദവും സ്നേഹവും നഷ്ടമാകുന്നു.

ആസ്വദിച്ചു പഠിക്കുന്ന സാഹചര്യമല്ല, നിർബന്ധത്തിനു വഴങ്ങി പഠിക്കുന്ന ഒരു സാഹചര്യമാണ് നമ്മുടെ സ്കൂളുകളിലുള്ളത്. സ്വതന്ത്രമായ സാഹചര്യം സൃഷ്ടിക്കുന്നതിൽ ഇന്ന് വിദ്യാലയങ്ങൾ പരാജയപ്പെടുന്നു. സ്വാതന്ത്ര്യം ഏതൊരുവിദ്യാർത്ഥിയും ആഗ്രഹിക്കുന്നുണ്ട്. അത് അഗാധമായി മനസ്സിലാക്കിയ ആളാണ് കൊബായാഷി മാസ്റ്റർ. ജീവിതസാഹചര്യങ്ങൾ എത്ര കഠിനമായിരുന്നാലും അവയെ എങ്ങനെ നേരിടണമെന്ന് പരിശീലിപ്പിക്കപ്പെടണം, ലളിതവും സുന്ദരവുമായി.

**കാതറിൻ ജിജി, എട്ടാം ക്ലാസ്,**
**വിശ്വജ്യോതി പബ്ലിക് സ്കൂൾ, അങ്കമാലി**

## പ്ലാച്ചിമട ജനാധികാര യാത്ര

പ്ലാച്ചിമട ട്രൈബ്യൂണൽ ബിൽ രാഷ്ട്രപതിയെക്കൊണ്ട് ഒപ്പുവെപ്പിക്കുന്നതിൽ കേന്ദ്ര കേരള സർക്കാരുകളും പ്രതിപക്ഷകക്ഷികളും കാണിക്കുന്ന അലംഭാവത്തിൽ പ്രതിഷേധിച്ചുകൊണ്ട് പ്ലാച്ചിമട കൊക്കകോള വിരുദ്ധ സമര സമിതിയുടെയും സംസ്ഥാന ഐക്യദാർഢ്യ സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ **നവംബർ 25 മുതൽ ഡിസംബർ 12 വരെ** കാസറഗോഡ് നിന്നും തിരുവനന്തപുരം വരെ **ജനാധികാര യാത്ര** നടത്തുന്നു.

**യാത്ര കടന്നുപോകുന്ന ജില്ലകളും തീയ്യതിയും**

നവംബർ 25 വൈകുന്നേരം ഉദ്ഘാടനം കാസർഗോഡ്, നവംബർ 26 കാസർഗോഡ് ജില്ല, നവംബർ 27 കണ്ണൂർ, നവംബർ 28 കോഴിക്കോട്, നവംബർ 29 വയനാട്, നവംബർ 30 മലപ്പുറം, ഡിസംബർ 1 പാലക്കാട്, ഡിസംബർ 2 പാലക്കാട്, ഡിസംബർ 3 തൃശൂർ, ഡിസംബർ 4 ഏറണാകുളം, ഡിസംബർ 5 ആലപ്പുഴ, ഡിസംബർ 7 കോട്ടയം, ഡിസംബർ 8 ഇടുക്കി, ഡിസംബർ 9 പത്തനംതിട്ട, ഡിസംബർ 10 കൊല്ലം, ഡിസംബർ 11 തിരുവനന്തപുരം, ഡിസംബർ 12 തിരുവനന്തപുരം കേന്ദ്ര പ്രതിരോധ മന്ത്രി എ.കെ. ആന്റണിയുടെ ഔദ്യോഗിക വസതിയിലേക്ക് മാർച്ച്.

*ബന്ധങ്ങൾക്ക്: 9744831675, 9288181655*